## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8068 — 24.07.2012 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ സതേൺ ഇഡ്പാറ്റ് ഇൻഡസ്ട്രീസ്

ചോദ്യം

ശ്രീ.എ.കെ.ബാലൻ

ഉത്തരം

സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലെ കരിയാംകോട് പ്രവർത്തിക്കുന്ന സതേൺ ഇഡ് പാറ്റ് ഇൻഡസ്ട്രീസ് എന്ന ഇരുമ്പുരുക്ക് കമ്പനി സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ജനങ്ങളുടെ ആശങ്കകൾ അകറ്റാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (ബി) | കമ്പനിക്കെതിരെ സംയുക്ത സമര സമിതിയുടെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 31.05.2012 ന് പരാതിക്കാരുടെയും കമ്പനി പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഒരു ഹിയറിംഗ് നടത്തുകയുണ്ടായി. തുടർന്ന് 20.06.2012-നുള്ളിൽ മലിനീകരണ നിയന്ത്രണ ഉപാധികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കമ്പനിക്ക് നിർദ്ദേശം നൽകി. ഇവ നടപ്പിലാക്കിയതായി കമ്പനി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബോർഡുദ്യോഗസ്ഥർ പരിശോധന നടത്തുകയും നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കമ്പനിക്ക് ലൈസൻസ് പഞ്ചായത്ത് നൽകാത്തതിനെതിരെ കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തു നിലപാടാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | | കമ്പനിക്ക് ലൈസൻസ് പഞ്ചായത്ത് നൽകാത്തതിനെതിരെ കോടതിയിൽ കേസ് നിലവിലുള്ളത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഈ കമ്പനിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധന നടത്തിയിട്ടുണ്ടോ; എന്നാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കുമോ? | | മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കമ്പനിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 07.09.2011, 20.09.2011, 13.12.2011, 07.03.2012, 12.03.2012, 19.05.2012, 23.06.2012 എന്നീ തീയതികളിൽ കമ്പനിയിൽ പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ